**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** **09-08-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ ഉത്പന്നങ്ങൾക്ക് ആഗോള വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് ആഗോള, ആഭ്യന്തര വിപണികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും പരിഗണിച്ചുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടും ആഗോള തലത്തിൽ വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിക്കത്തക്ക വിധത്തിലുമുള്ള നൂതന ഉത്പന്നങ്ങളും പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനുകളിൽ അത്തരം നവീകരണ വിപുലീകരണ പദ്ധതികൾ ഉൾപ്പെടുത്തി വ്യവസായ വകുപ്പിനു കീഴിലെ സ്ഥാപനങ്ങളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | പൊതുമേഖലാ ഉത്പന്നങ്ങൾക്ക് ആഗോള വിപണി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി വ്യവസായ വകുപ്പ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്.<br><br>രാജ്യത്തെ ഓൺലൈൻ വ്യാപാര മേഖല രംഗത്ത് ചെറുകിട ഇടത്തരം വ്യാപാരികൾക്ക് കൂടി അവസരം ഒരുക്കുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒ.എൻ.ഡി.സി) യുമായി സംസ്ഥാന സർക്കാർ ധാരണ പത്രം ഒപ്പുവെച്ച് സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ ഒ.എൻ.ഡി.സി പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന പരമ്പരാഗത ഉത്പന്നങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതോടെ ഈ മേഖലയിൽ വ്യവസായ വളർച്ച പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പരമ്പരാഗത മേഖലയിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ഓൺലൈനിൽ വിപണനം നടത്തുന്നതിന്റെ ഭാഗമായി ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിന്റെ മാതൃകയിൽ യുപിഐ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ പെയ്മെൻറ് സംവിധാനമുൾപ്പെടെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഇ-കൊമേഴ്സ് പോർട്ടൽ തയ്യാറാക്കി വ്യവസായ വകുപ്പിനു കീഴിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏകദേശം 200 ഓളം ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്.<br><br>ഡിജിറ്റൽ വ്യാപാര മേഖലയുടെ നിലവിലുള്ള കേന്ദ്രീകൃത മാതൃകയിൽ നിന്ന് പൊതു വ്യാപാര ശൃംഖലയിലേക്കുള്ള മാറ്റവും അതിലൂടെയുള്ള വളർച്ചയുമാണ് ഈ പോർട്ടൽ കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>പോർട്ടൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിന് നിലവിലെ ബിസിനസ്-ടു-കൺസ്യൂമർ മാതൃകയ്ക്ക് പകരം അടുത്ത ഘട്ടത്തിൽ ബിസിനസ്-ടു-ബിസിനസ് മാതൃക അവലംബിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിന് നിലവിലെ ബിസിനസ്-ടു-കൺസ്യൂമർ മാതൃകയോടൊപ്പം തന്നെ അടുത്ത ഘട്ടത്തിൽ ബിസിനസ്-ടു-ബിസിനസ് മാതൃക കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ